(ഐ) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളിൽ ഏറ്റെടുത്ത പുരാവസ്തുക്കൾ പഠനത്തിനുശേഷം പ്രദർശിപ്പിക്കുന്നതാണ്.

(ജെ) നെന്മേനിയിൽ ഒരു സംരക്ഷിത ആർക്കിയോളജിക്കൽ പാർക്ക് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

21 (435) **വേലുത്തമ്പി ദളവയുടെ പൂർണ്ണകായ പ്രതിമ മണ്ണടിയിൽ സ്ഥാപിക്കുന്നതിന് നടപടി**

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരദേശാഭിമാനി വേലുതമ്പിദളവയുടെ പൂർണ്ണകായ പ്രതിമ അദ്ദേഹം വീരചരമം പ്രാപിച്ച മണ്ണടിയിൽ സ്ഥാപിക്കുന്നതിന് സാംസ്ക്കാരിക വകുപ്പ് എന്നാണ് തീരുമാനമെടുത്തത്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് എടുത്ത നടപടി വിശദീകരിക്കുമോ;

(സി) പ്രതിമാ നിർമ്മാണ ചുമതല ഏറ്റ ആർട്ടിസ്റ്റ് എം.ആർ.ഡി. ദത്തൻ ഗവണ്മെന്റിൽ നിന്നും വാങ്ങിയ തുക തിരിച്ചു പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദീകരിക്കുമോ;

(ഇ) തുക തിരിച്ചു പിടിക്കുന്നതിന് ഗവണ്മെന്റ് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ തീയതി വെളിപ്പെടുത്തുമോ;

(ജി) റവന്യൂ റിക്കവറി നടപടി ഗവണ്മെന്റ് സ്റ്റേ ചെയ്തിട്ടുണ്ടോ;

(എച്ച്) എങ്കിൽ എന്ന്;

(ഐ) പ്രതിമ മണ്ണടിയിൽ സ്ഥാപിക്കാനുള്ള നടപടി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 12.4.1994 ൽ.

(ബി) ഈ പദ്ധതി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പിലാക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനുവേണ്ടി 1.205 ഏക്കർ സ്ഥലം വാങ്ങുന്നതിന് 3,03,250/- രൂപയും (മൂന്ന് ലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി അൻപത് രൂപമാത്രം) പ്രതിമാ നിർമ്മാണത്തിന് 9,96,750/- രൂപയും (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) പ്രതിമാ നിർമ്മാണത്തിന് 9,96,750/-രൂപയും (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി ഒൻപത് രൂപാ മാത്രം) അനുവദിക്കുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) ശ്രീ. എം.ആർ.ഡി. ദത്തൻ എറണാകുളം സ്വദേശി ആയതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) 25-9-1998

(ജി) ഉണ്ട്.

(എച്ച്) 10.11.98-ലെ 77300/എസ്1/98/ ആർ.ഡി കത്ത് പ്രകാരം റിക്കവറി തുകയുടെ 50% 30.11.98 ന് മുമ്പും ബാക്കി ആറ് തവണകളായി 30-12-98 ന് മുമ്പും അടച്ചു തീർക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ശ്രീ. ദത്തൻ തുക യൊന്നും ഒടുക്കിയിട്ടില്ല.

(ഐ) 4.8.99-ൽ സർക്കാർ തലത്തിൽ ചേർന്ന യോഗത്തിൽ 2000 മാർച്ച് മാസത്തിന് മുമ്പ് സ്മാരക നിർമ്മാണം പൂർത്തിയാക്കണമെന്ന് നിർദ്ദേ ശമുണ്ടായിരുന്നു.

22 (436) സാഹിത്യ പഞ്ചാനനന്റെ അമ്പലപ്പുഴയിലെ ജന്മഗൃഹം

<u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യ പഞ്ചാനനന്റെ അമ്പലപ്പുഴയിലെ ജന്മഗൃഹം സർക്കാർ ഏറ്റെടുത്ത് ചരിത്ര സ്മാരകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ഭവനം സർക്കാർ ഏറ്റെടുക്കണമെന്ന് കാണിച്ച് ഏതെല്ലാം എം.എൽ.എ.മാരാണ് നിവേദനങ്ങൾ നൽകിയിട്ടുള്ളത്;

(സി) ''സാഹിത്യ പഞ്ചാനനന്റെ ജന്മഗൃഹം നാശത്തിലേയ്ക്ക്'' എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഭവനം ഏറ്റെടുത്ത് താൽക്കാലികമായി കുഞ്ചൻ നമ്പ്യാർ സ്മാരക സമിതിയെ ഏൽപ്പിക്കുമോ?

<u>ഉത്തരം</u>

(എ)-(സി) 'സാഹിത്യ പഞ്ചാനനന്റെ തറവാട് നശിക്കുന്നു' എന്ന പത്ര വാർത്ത സഹിതം ശ്രീ. ജി. സുധാകരൻ എം.എൽ.എ. ടി ഭവനം ഏറ്റെ ടുത്ത് സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനു നിവേദനം സമർപ്പിച്ചിരുന്നു. നിവേദനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിശോധിച്ച തിന്റെ അടിസ്ഥാനത്തിൽ ടി ഭവനം തൽക്കാലം ഏറ്റെടുത്ത് സംരക്ഷിക്കേ ണ്ടതില്ല എന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

23 (437) സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്കാഡമികളിലെ ജീവനക്കാർ

<u>ശ്രീ. എം.വി. ജയരജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അക്കാദമി കളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly